പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1943 04.12.2018-ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ കാലാവധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ കാലാവധി എത്രയാണെന്നും പ്രൊബേഷൻ ഡിക്ളയർ ചെയ്യാനാവശ്യമായ നിബന്ധനകളും നിയമങ്ങളും എന്താണെന്നും വ്യക്തമാക്കാമോ; | (എ) | കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം ജോലിയിൽ പ്രവേശിച്ച ദിനം മുതൽ തുടർച്ചയായ 3 വർഷ കാലയളവിനുള്ളിലെ 2 വർഷമാണ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ കാലയളവ്. പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കുന്നതിനായി അക്കൗണ്ട് ടെസ്റ്റ് (ലോവർ), മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും, കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമങ്ങളും ചട്ടങ്ങളും തുടങ്ങിയ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ വിജയിച്ചിരിക്കണം. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകനെതിരെ യാതൊരു അച്ചടക്ക നടപടികളും നിലവിലുണ്ടാകാൻ പാടുള്ളതല്ല. അപേക്ഷയൊടൊപ്പം പ്രൊബേഷൻ പീരിയഡിൽ അപേക്ഷകൻ ഏതൊക്കെ കാര്യാലയങ്ങളിലാണോ ജോലി ചെയ്തിരുന്നത് ആ കാര്യാലയങ്ങളിലെ ഓഫീസ് തലവന്മാർ നൽകിയിട്ടുള്ള വർക്ക് ആന്റ് കോണ്ടക്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 21-ന് അനുസൃതമായിട്ടാണ് പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നത്. |
| (ബി) | പ്രൊബേഷൻ ഡിക്ളയർ ചെയ്യാത്തത് കൊണ്ട് ഇൻക്രിമെന്റ്, പ്രൊമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ പാടില്ലെന്ന | (ബി) | ജോലിയിൽ പ്രവേശിച്ചതിന് ശേഷമുള്ള ഒന്നാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ ഡിക്ലയർ ചെയ്താലും ഇല്ലെങ്കിലും നൽകുന്നതാണ്. എന്നാൽ, രണ്ടാമത്തേത് മുതലുള്ള ഇൻക്രിമെന്റ് പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിന് ശേഷം മാത്രമേ |

| | | | |
|---|---|---|---|
| | നിയമമോ വ്യവസ്ഥയോ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | | നൽകുകയുള്ളൂ. 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 21-ൽ പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിന് ശേഷം മാത്രമേ രണ്ടാമത്തേത് മുതലുള്ള ഇൻക്രിമെന്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്താൽ മാത്രമേ ടി വ്യക്തിയെ പ്രൊമോഷന് പരിഗണിക്കുകയുള്ളൂ. |
| (സി) | സംശയാസ്പദമായി ഒരു ഉദ്യോഗസ്ഥന് വിജിലൻസ് വകുപ്പിൽ നിന്ന് ചാർജ്ജ് മെമ്മോ നൽകുകയാണെങ്കിൽ അത് അച്ചടക്കനടപടിയായി കണക്കാക്കി ഇൻക്രിമെന്റ്, പ്രൊബേഷൻ, പ്രൊമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞ് ശിക്ഷിക്കാൻ അധികാരമുണ്ടോയെന്നും ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അധികാരമെന്നും വിശദമാക്കാമോ; | (സി), (ഡി) & (ഇ) | പ്രൊബേഷൻ, പ്രൊമോഷൻ തുടങ്ങിയവയ്ക്ക് പരിഗണിക്കുന്നതിനായി ഉദ്യോഗസ്ഥന്റെ 'സ്യൂട്ടബിലിറ്റി' നിശ്ചയിക്കുന്നതിന്, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമനാധികാരിയ്ക്ക് അധികാരമുണ്ട്. |
| (ഡി) | വിജിലൻസ് ട്രിബ്യൂണലുകളിൽ കുറ്റാരോപിതനാകപ്പെട്ട് വർഷങ്ങളായി കേസ്സ് തീർപ്പാകാത്ത സാഹചര്യത്തിൽ ആനുകൂല്യങ്ങൾ നിഷേധിച്ച് ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | എങ്കിൽ ഏത് നിയമവ്യവസ്ഥിതിയുടെ അടിസ്ഥാനത്തിലാണിതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ